# 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിക്ക് 30നു തുടക്കം

## ● ആദ്യഘട്ടത്തിൽ ലക്ഷം പേർക്കു ഭൂമി; സോണിയ ഉദ്ഘാടനം ചെയ്യും

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം ● ആദ്യഘട്ടത്തിൽ ലക്ഷം പേർക്കു ഭൂമി ലഭ്യമാക്കി യുഡിഎഫ് സർക്കാർ അഭിമാനപൂർവം അവതരിപ്പിക്കുന്ന ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം യുപിഎ അധ്യക്ഷ സോണിയ ഗാന്ധി 30നു രാവിലെ 11നു സെൻട്രൽ സ്റ്റേഡിയത്തിൽ നിർവഹിക്കും. സർക്കാരിന്റെ സ്വപ്നപദ്ധതിയാണ് ഇതെന്നു റവന്യു മന്ത്രി അടൂർ പ്രകാശ് അറിയിച്ചു.

സംസ്ഥാനത്തു 2,43,928 ഭൂരഹിത കുടുംബങ്ങളാണുള്ളത്. ഇതിൽ ഒരു ലക്ഷം പേർക്കുള്ള സ്ഥലം ഇതിനകം കണ്ടെത്തിയിട്ടുണ്ട്. ഇത് 77,319 പ്ലോട്ടുകളായി തിരിച്ചു. ബാക്കി ഭൂമി പ്ലോട്ട്തിരിച്ചുവരികയാണ്. കാലവർഷക്കെടുതിമൂലം ഈ ജോലി അൽപം വൈകി. ആദ്യഘട്ടത്തിൽ തന്നെ കണ്ണൂർ, കാസർകോട് ജില്ലകളിലെ മുഴുവൻ ഭൂരഹിതർക്കും സ്ഥലം നൽകും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ നിന്നുള്ള 9715 പേർക്കാണു 30നു ഭൂമി വിതരണം ചെയ്യുക. തിരുവനന്തപുരം 4370, കൊല്ലം 760, പത്തനംതിട്ട 504, ആലപ്പുഴ 311, കോട്ടയം 1325, എറണാകുളം 2445 എന്നിങ്ങനെയാണ് ഓരോ ജില്ലയിലും 30നു ഭൂമി നൽകുന്നവരുടെ എണ്ണം. ഇവരെ കലക്ടർമാർ തലസ്ഥാനത്ത് എത്തിക്കും. ശേഷിക്കുന്നവർക്കുള്ള ഭൂമിവിതരണം ഒക്ടോബറിൽ തന്നെ നടത്തും. ഇവർക്കായി സ്ഥലം കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്.

സർക്കാർ നൽകുന്ന ഭൂമി 25 വർഷത്തേക്കു കൈമാറ്റം ചെയ്യാൻ പാടില്ല. കുടുംബനാഥന്റെയും നാഥയുടെയും പേരിലായിരിക്കും പട്ടയം. 2015 ആകുമ്പോഴേക്കും സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതർക്കും ഭൂമി നൽകിക്കഴിയും. ഗുണഭോക്താക്കൾ സത്യവാങ്മൂലം നൽകണമെന്ന നിബന്ധനയുണ്ട്. ഇതു നോട്ടറി അറ്റസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ മാറ്റി വില്ലേജ് ഓഫിസർമാർ സാക്ഷ്യപ്പെടുത്തിയാൽ മതി എന്നാക്കി.

സോണിയ ഗാന്ധി പങ്കെടുക്കുന്ന ഉദ്ഘാടനച്ചടങ്ങിൽ പതിനായിരത്തോളം പേർ പങ്കെടുക്കും. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ അധ്യക്ഷതയിൽ ഗവർണർ നിഖിൽ കുമാർ, കേന്ദ്രമന്ത്രിമാരായ വയലാർ രവി, ശശി തരൂർ, മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, കെ.എം.മാണി, വി.എസ്. ശിവകുമാർ, കെപിസിസി പ്രസിഡന്റ് രമേശ് ചെന്നിത്തല തുടങ്ങിയവർ പ്രസംഗിക്കും.

അഗതികൾ, മാരകരോഗങ്ങൾ ബാധിച്ചവർ, 50 ശതമാനത്തിലേറെ അംഗവൈകല്യം ഉള്ളവർ, വിധവകൾ എന്നിവർക്കാണു ഭൂമി അനുവദിക്കുന്നതിൽ മുൻഗണന നൽകിയതെന്ന് അടൂർ പ്രകാശ് പറഞ്ഞു. ഒപ്പം 25% പട്ടികവിഭാഗങ്ങൾക്കും മുൻഗണന നൽകി. സി-ഡിറ്റ് തയാറാക്കിയ പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ചു ജില്ലകളിൽ ജനപ്രതിനിധികളുടെ സാന്നിധ്യത്തിലാണു ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്.

ഭൂമി പ്രശ്നത്തിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യ പ്രചാരണമാണു ഹാരിസൺ മലയാളം കമ്പനി നടത്തുന്നതെന്നും അവരുടെ കൈവശമുള്ള ഭൂമി പരിശോധിക്കാൻ സർക്കാർ തീയതി നിശ്ചയിച്ചുകഴിഞ്ഞെന്നും മന്ത്രി അറിയിച്ചു. കരമന–കളിയിക്കാവിള ദേശീയപാത വികസനത്തിനു സ്ഥലം വിട്ടുകൊടുത്തവർക്കുള്ള നഷ്ടപരിഹാരത്തുക ഈയാഴ്ച തന്നെ അനുവദിക്കുമെന്നും അദ്ദേഹം പറഞ്ഞു.